## 15 -ാം കേരള നിയമസഭ

## 1 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 353** — **08-06-2021 - ൽ മറുപടിയ്ക്ക്**

## വളാഞ്ചേരി, കോട്ടക്കൽ ട്രഷറികളുടെ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ നിയോജക മണ്ഡലത്തിലെ വളാഞ്ചേരി, കോട്ടക്കൽ ട്രഷറികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) | വളാഞ്ചേരി, കോട്ടക്കൽ ട്രഷറികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഫയലുകളൊന്നും തന്നെ ധനകാര്യ വകുപ്പിന്റെ പരിഗണനയിലില്ല. |
| (ബി) | ട്രഷറി നിർമ്മാണത്തിനുവേണ്ടി സ്ഥലം ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ലഭ്യമായിട്ടില്ല |
| (സി) | ഇത് സംബന്ധിച്ച് ട്രഷറി ഡയറക്ടർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | (സി) | സബ് ട്രഷറി വളാഞ്ചേരി വളാഞ്ചേരി സബ് ട്രഷറി നിലവിൽ പരിമിതമായ സൗകര്യങ്ങളോടുകൂടിയ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. വളാഞ്ചേരി സബ് ട്രഷറിക്ക് ഒരു പുതിയ കെട്ടിടം നിർമിക്കുന്നതിന് മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ കാട്ടിപ്പത്തിരിത്തി വില്ലേജിൽ സർവ്വേ നമ്പർ 137 /4 എ, 2 ബി യിൽ ഉൾപ്പെട്ടതും ഗ്രാമ വികസന വകുപ്പിന്റെ കൈവശമുള്ളതും കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്നതുമായ 10 സെന്റ് ഭൂമി ട്രഷറി വകുപ്പിന് വിട്ടുനിൽക്കുന്നതിന് കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് പ്രമേയം പാസാക്കുകയും ആയത് മേൽ നടപടികൾക്കായി അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ ഓഫീസ് വഴി ഗ്രാമ വികസന കമ്മീഷണറേറ്റിലേക്ക് അയച്ചിട്ടുള്ളതുമാണ്. തുടർന്ന് ഗ്രാമ വികസന കമ്മീഷണറേറ്റിൽ നിന്നും ഫണ്ടിന്റെ ലഭ്യത, വകുപ്പിന്റെ അനുമതി തുടങ്ങി കൂടുതൽ രേഖകൾ ആവശ്യപ്പെട്ടതിൽ പ്രകാരം പ്രസ്തുത രേഖകൾ 10.01.2020 ന് വളാഞ്ചേരി സബ് ട്രഷറി ഓഫിസർ കുറ്റിപ്പുറം ബ്ലോക്ക് ഓഫിസിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് 19.02.2020 തീയതിയിൽ; മലപ്പുറം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറുടെ ആർ സി.3/1564/2019 നമ്പർ കത്ത് പ്രകാരം ഗ്രാമ വികസന കമ്മീഷണർക്ക് തുടർ നടപടികൾക്കായി അയച്ചുകൊടുത്തിട്ടുള്ളതാണ്. തുടർന്ന് പ്രസ്തുത പ്രൊപോസൽ ഗ്രാമ വികസന കമ്മീഷണറേറ്റിൽ |

| | | | |
|---|---|---|---|
| | | | നിന്നും സെക്രട്ടേറിയറ്റ് തദ്ദേശ്ശസ്വയം ഭരണ ഓഫീസിലേക്ക് അയച്ചിട്ടുണ്ട്. ഈ പ്രൊപോസൽ ഇപ്പോൾ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ പരിഗണനയിലാണ്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് വകുപ്പ് നിർമാണ പ്രവർത്തികളുമായി മുന്നോട്ട് പോകുന്നതാണ്. സബ് ട്രഷറി കോട്ടക്കൽ കോട്ടക്കൽ സബ് ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമിക്കുന്നതിന് സ്ഥലം, കണ്ടെത്തുന്നതിനായി വില്ലേജ് മുൻസിപ്പാലിറ്റി അധികൃതരെ സമീപിച്ചിരുന്നെങ്കിലും സ്ഥലം ലഭ്യമല്ലെന്നു അറിയിച്ചിരുന്നു. പിന്നീട് സബ് രജിസ്ട്രർ ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഭൂമി ലഭ്യതക്ക് സാധ്യത ഉണ്ടെന്ന് അറിഞ്ഞ് ജില്ലാ രജിസ്ട്രാർക്ക് കത്ത് നൽകിയിരുന്നെങ്കിലും അനുകൂല മറുപടി ലഭിച്ചിട്ടില്ല . നിലവിലെ സാഹചര്യം കാണിച്ച് കോട്ടക്കൽ നഗരസഭാ സെക്രട്ടറിക്ക് 18/02/2020 ന്ന കത്ത് നൽകുകയും നഗരസഭാ ചെയർമാനെ നേരിൽ കാണുകയും ചെയ്തെങ്കിലും ഭൂമി ലഭ്യമല്ലെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ അന്വേഷണത്തിൽ ഇവിടെ നിന്നും സ്ഥലം ലഭിക്കാൻ സാധ്യത ഇല്ലെന്നറിയുന്നു. ആയതിനാൽ കോട്ടക്കൽ പ്രദേശത്ത് സബ് ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമിക്കാൻ സ്ഥലമൊന്നും ലഭിച്ചിട്ടില്ലെന്ന് അറിയിക്കുന്നു. |

സെക്ഷൻ ഓഫീസർ